# 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും

2019 നവംബർ 13-ാം തീയതി സമർപ്പിച്ചത്

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും

1232/2019.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| 1. ഘടന | .. | v |
| 2. റിപ്പോർട്ട് | .. | 1 |
| 3. അനുബന്ധം : | | |
| I. വിയോജനക്കുറിപ്പ് | .. | 3 |
| II. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 5 |

# സബ്ജക്ട് കമ്മിറ്റി IV
## (വ്യവസായവും ധാതുക്കളും)
## (2019-2021)

ഘടന

<u>ചെയർമാൻ</u> :

ശ്രീ. ഇ. പി. ജയരാജൻ,

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ഡോ. ടി. എം. തോമസ് ഐസക്,

ധനകാര്യവും കയറും വകുപ്പുമന്ത്രി

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ,

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും

കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>:

ശ്രീ. ആന്റണി ജോൺ

പ്രൊഫ. കെ. യു. അരുണൻ

ശ്രീ. സി. ദിവാകരൻ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

ശ്രീ. കെ. ബി. ഗണേഷ് കുമാർ

ശ്രീ. സി. കൃഷ്ണൻ

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. പി. ബി. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. ഹരീഷ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി രജി ഡി.ഒ., അണ്ടർ സെക്രട്ടറി.

# 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ

(സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട്)

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്കായി അയച്ച 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ (ബിൽ നമ്പർ 222) കമ്മിറ്റി പരിഗണിച്ചതനുസരിച്ചുള്ള കമ്മിറ്റിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ 2019 ഒക്ടോബർ 25-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2019 നവംബർ 7-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സഭ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2019 നവംബർ 7-ാം തീയതി സഭാ സമ്മേളനത്തിനുശേഷം വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IV യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

<u>ഖണ്ഡം 2</u>

(1) (എ) ഇനത്തിൽ "(2)-ാം ഉപവകുപ്പ് " എന്ന വാക്കിനുപകരം "(3)-ാം ഉപവകുപ്പ് " എന്ന വാക്ക് ചേർക്കേണ്ടതാണ്.

(2) (ബി) ഇനത്തിൽ "(11)-ാം വകുപ്പ് " എന്ന വാക്കിനുപകരം "(12)-ാം വകുപ്പ് (1)-ാം ഉപവകുപ്പ് " എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

<u>ഖണ്ഡം 6</u>

<u>കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ പ്രാബല്യം.</u>—എന്നതിന് ശേഷം "(1)" എന്ന് ചേർക്കേണ്ടതാണ്.

<u>ഖണ്ഡം 8</u>

(2)-ാം ഉപഖണ്ഡത്തിന് ശേഷമുള്ള ക്ലിപ്ത നിബന്ധന ഒഴിവാക്കേണ്ടതാണ്.

4. മറ്റു ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

**ഇ. പി. ജയരാജൻ,**
*ചെയർമാൻ,*
*സബ്ജക്റ്റ് കമ്മിറ്റി -IV.*

തിരുവനന്തപുരം,
2019 നവംബർ 12.

## അനുബന്ധം I

## വിയോജനക്കുറിപ്പ്

ബില്ലിന്റെ 8-ാം വകുപ്പ് കുറ്റങ്ങളും ശിക്ഷകളും എന്ന ഭാഗത്ത് ഏതെങ്കിലും വ്യവസായ സ്ഥാപനം നോഡൽ ഏജൻസി മുമ്പാകെ നൽകിയിട്ടുള്ള സ്വയം സാക്ഷ്യപത്രത്തിലെ ഏതെങ്കിലും നിബന്ധനകളോ ഉപാധികളോ ലംഘിച്ചിട്ടുണ്ടെന്ന് നോഡൽ ഏജൻസി കാണുന്നപക്ഷം അപ്രകാരമുള്ള വ്യവസായ സ്ഥാപനത്തിനുമേൽ അഞ്ച് ലക്ഷം രൂപയിൽ കവിയാതെയുള്ള ഒരു തുക പിഴയായി ചുമത്താമെന്ന നിബന്ധന ദുരുപയോഗപ്പെടുത്തുവാനും വ്യവസായികളെ മാനസികമായി പീഡിപ്പിക്കുവാനും ഉപയോഗിക്കുവാൻ സാധ്യതയുണ്ട്. പിഴശിക്ഷ പരമാവധി 1 ലക്ഷം രൂപയായി നിജപ്പെടുത്തണം. ഈ നിർദ്ദേശം അംഗീകരിക്കാത്തതിനാൽ ഇതിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

കെ. എസ്. ശബരീനാഥൻ (ഒപ്പ്)

1232/2019.

അനുബന്ധം II

# 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[ അടിവരയിട്ടത് സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെയും നക്ഷത്രചിഹ്നം ഒഴിവാക്കലിനെയും സൂചിപ്പിക്കുന്നു]

സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ ചില അംഗീകാരങ്ങളിൽ നിന്നും പരിശോധനകളിൽ നിന്നും പ്രസ്തുത വ്യവസായ സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും ആവശ്യമായ ചില അംഗീകാരങ്ങളിൽ നിന്നും പരിശോധനകളിൽ നിന്നും പ്രസ്തുത വ്യവസായ സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) 'കൈപ്പറ്റ് സാക്ഷ്യപത്രം' എന്നാൽ 5-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകുന്ന കൈപ്പറ്റ് സാക്ഷ്യപത്രം എന്നർത്ഥമാകുന്നു;

(ബി) 'അപ്പലേറ്റ് അതോറിറ്റി' എന്നാൽ 12-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള അപ്പലേറ്റ് അതോറിറ്റി എന്നർത്ഥമാകുന്നു;

(സി) 'അംഗീകാരം' എന്നാൽ സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം-വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതും പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും സംസ്ഥാന നിയമത്തിൻ കീഴിൽ ആവശ്യമായ ലൈസൻസുകളും, അനുവാദങ്ങളും അംഗീകാരങ്ങളും, ക്ലിയറൻസുകളും, രജിസ്ട്രേഷനുകളും, അനുമതികളും, നിരാക്ഷേപ പത്രങ്ങളും സമാനമായവയും എന്നർത്ഥമാകുന്നു;

(ഡി) 'ക്ഷമതയുള്ള അധികാരസ്ഥാനം' എന്നാൽ സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനോ പ്രവർത്തിപ്പിക്കുന്നതിനോ ആവശ്യമായ അംഗീകാരം നൽകുന്നതിനോ അനുവദിക്കുന്നതിനോ ഉള്ള അധികാരങ്ങളോ ഉത്തരവാദിത്തങ്ങളോ നൽകപ്പെട്ടിട്ടുള്ള, സർക്കാരിന്റെ ഏതെങ്കിലും വകുപ്പോ, ഏജൻസിയോ ഒരു സ്റ്റാറ്റ്യൂട്ടറി ബോഡിയോ, സംസ്ഥാനത്തിന്റെ ഉടമസ്ഥതയിലുള്ള കോർപ്പറേഷനോ, തദ്ദേശസ്വയംഭരണ സ്ഥാപനമോ നഗരവികസന അതോറിറ്റിയോ ഏതെങ്കിലും സംസ്ഥാന നിയമപ്രകാരമോ അതിൻ കീഴിലോ രൂപീകരിക്കപ്പെട്ടതോ സ്ഥാപിക്കപ്പെട്ടതോ സർക്കാരിന്റെ ഭരണപരമായ നിയന്ത്രണത്തിൻകീഴിലുള്ളതോ ആയ മറ്റേതെങ്കിലും അതോറിറ്റിയോ ഏജൻസിയോ എന്നർത്ഥമാകുന്നു.

(ഇ) 'ജില്ലാ ബോർഡ് ' എന്നാൽ 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ (2000-ലെ 5) 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാബോർഡ് എന്നർത്ഥമാകുന്നു.

(എഫ്) 'വ്യവസായ സ്ഥാപനം' എന്നാൽ ഒരു സൂക്ഷ്മ-ചെറുകിട അല്ലെങ്കിൽ ഇടത്തരം വ്യവസായ സ്ഥാപനം എന്നർത്ഥമാകുന്നു.

(ജി) 'സർക്കാർ ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു.

(എച്ച്) 'സൂക്ഷ്മ-ചെറുകിട അല്ലെങ്കിൽ ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ' എന്നാൽ 2006-ലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ വികസന ആക്റ്റ് (2006-ലെ 27-ാം കേന്ദ്ര ആക്റ്റ്) പ്രകാരം നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള സൂക്ഷ്മ-ചെറുകിട അല്ലെങ്കിൽ ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ എന്നർത്ഥമാകുന്നു.

(ഐ) 'നോഡൽ ഏജൻസി' എന്നാൽ 3-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന നോഡൽ ഏജൻസി എന്നർത്ഥമാകുന്നു.

(ജെ) 'വിജ്ഞാപനം' എന്നാൽ കേരള സർക്കാരിന്റെ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം എന്നർത്ഥമാകുന്നു.

(കെ) 'നിർണ്ണയിക്കപ്പെട്ട' എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ പ്രകാരം നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

(എൽ) 'സംസ്ഥാനം' എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

(എം) 'സംസ്ഥാന ബോർഡ്' ' എന്നാൽ 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ (2000-ലെ 5) 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ച സംസ്ഥാന ബോർഡ് എന്നർത്ഥമാകുന്നു.

3. <u>നോഡൽ ഏജൻസി.</u>—കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റിലെ 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ജില്ലാബോർഡ് ഈ ആക്റ്റിന്റെ ആവശ്യത്തിലേക്കായി നോഡൽ ഏജൻസിയായിരിക്കുന്നതാണ്.

4. <u>നോഡൽ ഏജൻസിയുടെ അധികാരങ്ങളും ചുമതലകളും.</u>—സർക്കാരിന്റെ മേൽനോട്ടത്തിനും നിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി, നോഡൽ ഏജൻസിയുടെ അധികാരങ്ങളും ചുമതലകളും താഴെപ്പറയും പ്രകാരമായിരിക്കുന്നതാണ്, അതായത്:—

(എ) സംസ്ഥാനത്ത് വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് സഹായിക്കുകയും അത് സുഗമമാക്കുകയും ചെയ്യുക;

(ബി) സ്വയംസാക്ഷ്യപത്രത്തിന്റെയും 5-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം ലഭിച്ച കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെയും രേഖകൾ സൂക്ഷിക്കുക;

(സി) സർക്കാരിന് ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ആവശ്യത്തിലേക്കായി, അത് യുക്തമെന്ന് കരുതുന്ന പ്രകാരമുള്ള, മറ്റ് അധികാരങ്ങളും ചുമതലകളും ഒരു നോഡൽ ഏജൻസിക്ക് ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

5. <u>സ്വയംസാക്ഷ്യപത്രം സമർപ്പിക്കുന്നത്.</u>—(1) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, 'റെഡ് കാറ്റഗറി' വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഒരു വ്യവസായ സ്ഥാപനം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരാളും, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിലും രീതിയിലും, അപ്രകാരമുള്ള വ്യവസായ സ്ഥാപനം സ്ഥാപിക്കുന്നതിനായി, നോഡൽ ഏജൻസി മുമ്പാകെ ഒരു സ്വയംസാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണ്.

(2) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് മുമ്പ് ഏതെങ്കിലും ആൾ, 2-ാം വകുപ്പ് (സി) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള എല്ലാമോ ഏതെങ്കിലുമോ അംഗീകാരങ്ങൾ ലഭിക്കുന്നതിനായി, ക്ഷമതയുള്ള അധികാരസ്ഥാനം മുമ്പാകെ ഏതെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുള്ള പക്ഷം, അപ്രകാരമുള്ള ആളിന്, (1)-ാം ഉപവകുപ്പ് പ്രകാരം, ഒരു വ്യവസായ സ്ഥാപനം ആരംഭിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള സ്വയം സാക്ഷ്യപത്രം നോഡൽ ഏജൻസി മുമ്പാകെ സമർപ്പിക്കാവുന്നതാണ്.

(3) എല്ലാരീതിയിലും പൂർണ്ണമായ ഒരു സ്വയം സാക്ഷ്യപത്രം ലഭിച്ചാൽ, ഉടൻ (1)-ാം ഉപവകുപ്പ് പ്രകാരം ഒരു സ്വയം സാക്ഷ്യപത്രം നൽകിയിട്ടുള്ള ആളിന്, നോഡൽ ഏജൻസി നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ, ഒരു കൈപ്പറ്റ് സാക്ഷ്യപത്രം നൽകേണ്ടതാണ്.

6. <u>കൈപ്പറ്റ് സാക്ഷ്യപത്രത്തിന്റെ പ്രാബല്യം.</u>—(1) 5-ാം വകുപ്പ് പ്രകാരം ഒരു വ്യവസായ സ്ഥാപനത്തിന് നൽകിയ ഒരു കൈപ്പറ്റ് സാക്ഷ്യപത്രത്തിന്, എല്ലാ ആവശ്യങ്ങൾക്കും, അത് നൽകിയ തീയതി മുതൽ മൂന്ന് വർഷക്കാലത്തേക്ക്, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, 2-ാം വകുപ്പ് (സി) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു അംഗീകാരം എന്ന രീതിയിൽ പ്രാബല്യം ഉണ്ടായിരിക്കുന്നതും, പ്രസ്തുത മൂന്ന് വർഷക്കാലയളവിന് ശേഷം, അപ്രകാരമുള്ള വ്യവസായസ്ഥാപനം, അപ്രകാരമുള്ള കാലാവധി അവസാനിച്ചതിനുശേഷം, ആറ് മാസക്കാലയളവിനുള്ളിൽ 2-ാം വകുപ്പ് (സി) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ആവശ്യമായ അംഗീകാരങ്ങൾ നേടേണ്ടതാണ്:

എന്നാൽ, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്റ്റിലോ (2008-ലെ 28) അതിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലോ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി ഒരു ഭൂമി ഉപയോഗിക്കുന്നതിന്, കൈപ്പറ്റുസാക്ഷ്യപത്രം, ഒരാളെ അർഹനാക്കുന്നതല്ലാത്തതും, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിൻ (2016-ലെ 9) കീഴിൽ വിജ്ഞാപനം ചെയ്ത പ്രകാരമുള്ള മാസ്റ്റർപ്ലാനിൽ, അപ്രകാരമുള്ള പ്ലാൻ പ്രാബല്യത്തിലുള്ളിടത്ത്, വ്യക്തമാക്കിയിട്ടുള്ള, ഭൂവിനിയോഗത്തിൽ നിന്നും വ്യതിചലിച്ച് കൊണ്ട് ഒരാളെ പ്രസ്തുത ഭൂമി ഉപയോഗിക്കുന്നതിന് അർഹനാക്കുന്നതല്ലാത്തതുമാകുന്നു.

(2) (1)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയ മൂന്ന് വർഷക്കാലയളവിൽ, ക്ഷമതയുള്ള അധികാരസ്ഥാനം 2-ാം വകുപ്പ് (സി) ഖണ്ഡത്തിൽ നിർവ്വചിച്ച പ്രകാരമുള്ള ഏതെങ്കിലും അംഗീകാരം നൽകുന്നതിന്റെ ആവശ്യത്തിലേക്കായോ അതുമായി ബന്ധപ്പെട്ടോ ഏതെങ്കിലും പരിശോധന നടത്തുവാൻ പാടുള്ളതല്ല.

7. <u>ഒഴിവാക്കലുകൾ അനുവദിക്കൽ.</u>—സർക്കാരിനോ അതിൻകീഴിലുള്ള ഏതെങ്കിലും അതോറിറ്റിക്കോ, ഏതെങ്കിലും കേന്ദ്രആക്റ്റിൻകീഴിലുള്ള ഏതെങ്കിലും അംഗീകാരമോ പരിശോധനയോ, അതുമായി ബന്ധപ്പെട്ട ഏതെങ്കിലും വ്യവസ്ഥകളോ ഒഴിവാക്കാൻ

അധികാരമുള്ളിടത്ത്, അതത് സംഗതി പോലെ, സർക്കാരോ, അപ്രകാരമുള്ള ഏതെങ്കിലും അതോറിറ്റിയോ അപ്രകാരമുള്ള കേന്ദ്ര ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, സംസ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള ഒരു വ്യവസായ സ്ഥാപനത്തിന് 5-ാം വകുപ്പ് പ്രകാരം സ്വയം സാക്ഷ്യപത്രം നൽകിയ തീയതി മുതൽ മൂന്ന് വർഷക്കാലയളവിലേക്ക് അപ്രകാരമുള്ള ഒഴിവാക്കൽ അനുവദിക്കുന്നതിനുള്ള അധികാരങ്ങൾ വിനിയോഗിക്കേണ്ടതാണ്.

8. <u>കുറ്റങ്ങളും ശിക്ഷകളും</u>.—(1) ഏതെങ്കിലും വ്യവസായ സ്ഥാപനം, നോഡൽ ഏജൻസി മുമ്പാകെ നൽകിയിട്ടുള്ള സ്വയംസാക്ഷ്യപത്രത്തിലെ ഏതെങ്കിലും നിബന്ധനകളോ ഉപാധികളോ ലംഘിച്ചിട്ടുണ്ടെന്ന് നോഡൽ ഏജൻസി കാണുന്നപക്ഷം, നോഡൽ ഏജൻസിക്ക്, അപ്രകാരമുള്ള വ്യവസായ സ്ഥാപനത്തിന് നോട്ടീസ് നൽകിയതിനു ശേഷവും അപ്രകാരമുള്ള വ്യവസായ സ്ഥാപനം നൽകുന്ന മറുപടി ഏതെങ്കിലും ഉണ്ടെങ്കിൽ, അത് പരിഗണിച്ചതിനുശേഷവും, അപ്രകാരമുള്ള വ്യവസായ സ്ഥാപനത്തിനുമേൽ അഞ്ചു ലക്ഷം രൂപയിൽ കവിയാതെയുള്ള ഒരു തുക പിഴയായി ചുമത്താവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ കുറ്റം ചെയ്യുന്ന ആൾ ഒരു വ്യവസായ സ്ഥാപനമാണെങ്കിൽ, പ്രസ്തുത കുറ്റം ചെയ്ത സമയത്ത് വ്യവസായ സ്ഥാപനത്തിന്റെ കാര്യങ്ങൾ നടത്തുന്നതിനായി അതിന്റെ ചാർജ്ജ് വഹിക്കുകയും, പ്രസ്തുത വ്യവസായ സ്ഥാപനത്തോട് ഉത്തരവാദിത്തപ്പെട്ടിരിക്കുകയും ചെയ്ത ഏതൊരാളും വ്യവസായ സ്ഥാപനവും പ്രസ്തുത കുറ്റം ചെയ്തതായി കരുതപ്പെടുന്നതും അതനുസരിച്ച് നടപടിയെടുക്കുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും വിധേയമായിരിക്കുന്നതുമാണ്:

[********]

(3) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം ഒരു വ്യവസായസ്ഥാപനം ചെയ്തിരിക്കുകയും വ്യവസായ സ്ഥാപനത്തിലെ ഏതെങ്കിലും ഉടമസ്ഥന്റെയോ മാനേജിംഗ് പാർട്ട്ണറുടെയോ ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ അഥവാ പ്രസ്തുത വ്യവസായ സ്ഥാപനത്തിലെ മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥന്റെയോ സമ്മതത്തോടെയോ മൗനാനുവാദത്തോടെയോ അശ്രദ്ധനിമിത്തമോ ആണ് പ്രസ്തുത കുറ്റം ചെയ്തിട്ടുള്ളതെന്ന് തെളിയുകയും ചെയ്യുന്നപക്ഷം, അപ്രകാരമുള്ള ഉടമസ്ഥനോ, മാനേജിംഗ് പാർട്ട്ണറോ ഡയറക്ടറോ മാനേജരോ മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥനോ പ്രസ്തുത കുറ്റം ചെയ്തതായി കരുതപ്പെടുന്നതും, അത് അനുസരിച്ചുള്ള നടപടി എടുക്കപ്പെടുന്നതിനും ശിക്ഷിക്കപ്പെടുന്നതിനും വിധേയനായിരിക്കുന്നതുമാണ്.

<u>വിശദീകരണം.</u>— ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി,—

(എ) വ്യവസായ സ്ഥാപനം എന്നാൽ ഏതെങ്കിലും ഏകാംഗികൃത നികായം എന്നർത്ഥമാകുന്നതും, അതിൽ ഫേമോ അല്ലെങ്കിൽ വ്യക്തികളുടെ മറ്റ് സമാജമോ ഉൾപ്പെടുന്നതുമാകുന്നു.

(ബി) ഒരു ഫേമുമായി ബന്ധപ്പെട്ട്, അതിലെ ഡയറക്ടർ എന്നാൽ ഫേമിലെ പാർട്ട്ണർ എന്നർത്ഥമാകുന്നു.

9. <u>ഉത്തമവിശ്വാസത്തിൽ എടുത്ത നടപടികൾക്ക് സംരക്ഷണം.</u>—ഈ ആക്റ്റിന്റെയോ അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും ചട്ടങ്ങളുടെയോ വ്യവസ്ഥകൾ പ്രകാരം ഉത്തമ വിശ്വാസത്തിൽ ചെയ്തിട്ടുള്ളതോ, ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളതോ ആയ കാര്യങ്ങളെ സംബന്ധിച്ച് സർക്കാരിനോ, നോഡൽ ഏജൻസിക്കോ, ക്ഷമതയുള്ള അധികാര സ്ഥാനത്തിനോ, അപ്പീൽ അതോറിറ്റിക്കോ ഏതെങ്കിലും സർക്കാർ ജീവനക്കാരനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റു നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

10. <u>ഈ ആക്റ്റിന് മറ്റ് നിയമങ്ങളുടെ മേൽ അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണെന്ന്.</u>—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക്, തൽസമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിൽ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, അധിപ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

(2) പ്രത്യേകിച്ചും, ഈ ആക്റ്റിലെ മുൻപറഞ്ഞ വ്യവസ്ഥകളുടെ സാമാന്യതയ്ക്ക് ഭംഗം വരാതെ, അപ്രകാരമുള്ള വ്യവസ്ഥകൾക്ക്, താഴെ പറയുന്ന നിയമങ്ങളിൽ എന്തുതന്നെ വിരുദ്ധമായി അടങ്ങിയിരുന്നാലും പ്രാബല്യമുണ്ടായിരിക്കുന്നതും, പ്രസ്തുത നിയമങ്ങളിലെ വ്യവസ്ഥകൾ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി ഭേദഗതി ചെയ്യപ്പെട്ടതായി വായിക്കേണ്ടതുമാണ്.

1. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13)
2. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20)
3. 1960-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും ആക്റ്റ് ( 1960-ലെ 34)
4. 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്റ്റ് (2013-ലെ 18)
5. 1955-ലെ ട്രാവൻകൂർ-കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്റ്റ് (1955-ലെ 16)
6. 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്റ്റ് ( 1939-ലെ 3)

11. <u>ഒഴിവാക്കൽ.</u>— 10-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, ഈ ആക്ടിലെ യാതൊന്നും, തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽനിന്നോ, അതിന് കീഴിൽ നിർണ്ണയിക്കപ്പെട്ട ഏതെങ്കിലും നിയന്ത്രണ നടപടികളിൽ നിന്നോ മാനദണ്ഡങ്ങളിൽ നിന്നോ, ഈ ആക്ടിൽ പ്രകടമായി വ്യവസ്ഥ ചെയ്തിടത്തോളം ഒഴികെ, ഒഴിവാക്കുന്നതായി വ്യാഖ്യാനിക്കുവാൻ പാടുള്ളതല്ല.

12. <u>അപ്പലേറ്റ് അതോറിറ്റിയും അപ്പലേറ്റ് അതോറിറ്റിയുടെ അധികാരങ്ങളും.</u> —(1) 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്ടിലെ (2000-ലെ 5) 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള സംസ്ഥാന ബോർഡ്, ഈ ആക്ട് പ്രകാരമുള്ള അപ്പലേറ്റ് അതോറിറ്റി ആയിരിക്കുന്നതും, ഈ ആക്ടിൻ കീഴിലുള്ള അപ്പലേറ്റ് അതോറിറ്റിയുടെ അധികാരങ്ങൾ വിനിയോഗിക്കേണ്ടതുമാണ്.

(2) നോഡൽ ഏജൻസിയുടെ തീരുമാനംമൂലം സങ്കടമനുഭവിക്കുന്ന ഏതൊരാളിനും, അപ്രകാരമുള്ള തീരുമാനം ലഭിച്ച തീയതി മുതൽ മുപ്പത് ദിവസക്കാലയളവിനുള്ളിൽ അപ്പലേറ്റ് അതോറിറ്റി മുമ്പാകെ, നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള രീതിയിൽ, ഒരു അപ്പീൽ സമർപ്പിക്കാവുന്നതാണ്.

(3) അപ്പീൽ ലഭിച്ചതിനുശേഷം അപ്പലേറ്റ് അതോറിറ്റിക്ക് അതിന് ആവശ്യമെന്ന് കരുതാവുന്ന, അധിക വിശദാംശങ്ങളോ രേഖകളോ വിളിച്ചുവരുത്താവുന്നതും, അപ്രകാരമുള്ള വിശദാംശങ്ങളോ രേഖകളോ ഹാജരാക്കുന്നതിൻമേലും, നോഡൽ ഏജൻസിക്കും സങ്കടമനുഭവിക്കുന്ന ആളിനും പറയുവാനുള്ളത് കേൾക്കുവാൻ ഒരവസരം നൽകിയതിനു ശേഷവും, അപ്പലേറ്റ് അതോറിറ്റി അപ്രകാരമുള്ള അപ്പീൽ സമർപ്പിച്ച തീയതി മുതൽ മുപ്പത് ദിവസക്കാലയളവിനുള്ളിൽ അപ്രകാരമുള്ള അപ്പീൽ തീർപ്പാക്കേണ്ടതും അതിനുമേലുള്ള അപ്പീൽ അതോറിറ്റിയുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(4) തൽസമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അപ്പലേറ്റ് അതോറിറ്റിക്ക് സ്വമേധയാ, റഫർ ചെയ്യുന്നതിൻമേലോ നോഡൽ ഏജൻസി പാസ്സാക്കിയ ഒരു ഉത്തരവ് പരിശോധിക്കാവുന്നതും, അത് യുക്തമെന്ന് കരുതുന്ന പ്രകാരമുള്ള ഉത്തരവുകൾ പാസാക്കാവുന്നതും, അപ്രകാരമുള്ള ഉത്തരവുകൾ അന്തിമമായിരിക്കുന്നതുമാണ്.

13. <u>വൈഷമ്യങ്ങൾ നീക്കംചെയ്യൽ.</u>—(1) ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്ന പക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധീകരിച്ച ഉത്തരവ് മുഖേന പ്രസ്തുത വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും, ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ ഏതു കാര്യവും ചെയ്യാവുന്നതാണ്.

എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞതിനുശേഷം ഈ വകുപ്പ് പ്രകാരമുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള ഓരോ ഉത്തരവും അത് പ്രസിദ്ധീകരിച്ചതിനുശേഷം, കഴിയുന്നത്ര വേഗം, സംസ്ഥാന നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്.

14. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.</u>—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി പിൽക്കാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനു ശേഷം, കഴിയുന്നത്രവേഗം, സംസ്ഥാന നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായി രണ്ടു സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, പ്രസ്തുത സമ്മേളനമോ തൊട്ടടുത്ത് വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ്, സംസ്ഥാന നിയമസഭ ആ ചട്ടത്തിൽ എന്തെങ്കിലും ഭേദഗതി വരുത്തുകയോ, അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതുസംഗതി പോലെ, അങ്ങനെ ഭേദഗതി വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിയോ, റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2019 നവംബർ 12.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*